## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3900** **31.01.2014-ൽ മറുപടിക്ക്**

**ജൂവലറികളിൽനിന്നും വാങ്ങുന്ന സ്വർണ്ണാഭരണങ്ങൾക്ക് ബില്ല് നിർബന്ധമാക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി. | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| ജൂവലറികളിൽനിന്നും വാങ്ങുന്ന സ്വർണ്ണാഭരണങ്ങൾക്ക് ബിൽ നിർബന്ധമാക്കുകയും പ്രസ്തുത ബില്ലിൽ പണികൂലിയും പണിക്കുറവും പ്രത്യേകം നിർബന്ധമായും രേഖപ്പെടുത്തണമെന്ന് നിഷ്ക്കർഷിക്കുകയും ആയത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധനകൾ കർശനമാക്കുകയും ചെയ്യുമോ; വ്യക്തമാക്കുമോ? | കേരള മൂല്യവർദ്ധിത നികുതി നിയമം 2003, സെക്ഷൻ 40A പ്രകാരം 100 രൂപയ്ക്ക് മുകളിലുള്ള എല്ലാ വില്പനകൾക്കും എല്ലാ വ്യാപാരികളും നിർബന്ധമായും ബില്ല് നൽകേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ സെക്ഷൻ 70A പ്രകാരം ആദ്യപ്രാവശ്യം വെട്ടിക്കാൻ ശ്രമിച്ച നികുതിയുടെ ഇരട്ടിയോ ആയിരം രൂപയോ ഏതാണോ വലുത് അതും തുടർന്നുള്ള പ്രാവശ്യങ്ങളിൽ സമാന്തര പ്രോഗ്രഷൻ രീതിയിലുള്ള പിഴയും ചുമത്താവുന്നതാണ്. കോമ്പൗണ്ടിംഗ് രീതിയിൽ നികുതി നൽകുന്ന വ്യാപാരികൾ ഫോം 8 ഡിയിലും വ്യാപാരികൾക്കുള്ള വില്പനകൾ ഫോം 8ലും മറ്റുള്ളവ 8 ബിയിലു മാണ് ബില്ലുകൾ നൽകുന്നത് . ഈ ബിൽ ഫോമുകളിൽ പണിക്കൂലിയും പണിക്കുറവും രേഖപ്പെടുത്തുവാനുള്ള കോളങ്ങൾ നിർദ്ദേശിച്ചിട്ടില്ല. ബില്ല് നൽകാത്ത വ്യാപാരികളെ കണ്ടെത്താൻ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ " ടെസ്റ്റ് പർച്ചേസ്സ് " പോലുള്ള നടപടികളും കട പരിശോധനകളും കർശനമായി നടത്തി വരുന്നുണ്ട്. വിൽപ്പന വിലയിലുള്ള നികുതി പിരിവ് മാത്രമേ വാണിജ്യ നികുതി വകുപ്പിന്റെ പരിധി യിൽ വരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ